# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂലൈ 11**

---

## ഓണേഴ്സ് ബിരുദം;രണ്ടാം പ്രത്യേക അലോട്ട്മെന്റ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 15 ന് വൈകുന്നേരം നാലിനു മുൻപ് കോളജുകളിൽ സ്ഥിര പ്രവേശനം നേടണം.

(പി.ആർ.ഒ/39/591/2024)

## ബിഎഡ്; രണ്ടാം അലോട്ട്മെന്റ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിൽ ബിഎഡ് പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനത്തിലൂടെ പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 15നു വൈകുന്നേരം നാലിനു മുൻപ് കോളേജുകളിൽ പ്രവേശനം നേടണം. താത്കാലിക പ്രവേശനം തെരഞ്ഞെടുക്കുന്നവർ കോളേജുകളിൽ ബന്ധപ്പെട്ട് പ്രവേശം ഉറപ്പാക്കിയാൽ മതിയാകും.

ഒന്നാം ഓപ്ഷൻ ലഭിച്ചവരും സ്ഥിര പ്രവേശം തെരഞ്ഞെടുത്തവരും ഈ സമയപരിധിക്കുള്ളിൽ കോളേജുകളിൽ നേരിട്ട് ഹാജരായാണ് പ്രവേശനം നേടേണ്ടത്. പ്രവേശനം എടുക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.

(പി.ആർ.ഒ/39/592/2024)

## പി.ജി; ഒന്നാം പ്രത്യേക അലോട്ട്മെന്റ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് പട്ടിക ജാതി,പട്ടിക വർഗ വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 17ന് വൈകുന്നേരം നാലിനു മുൻപ് കോളജുകളിൽ സ്ഥിര പ്രവേശനം നേടണം. മുൻ അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനത്തിൽ തുടരുന്ന പട്ടിക ജാതി, പട്ടിക വർഗ വിഭാഗക്കാരും ഈ സമയപരിധിക്കു മുൻപ് കോളേജുകളിൽ സ്ഥിര പ്രവേശനം എടുക്കണം.

പ്രവേശനം എടുക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.

മുൻ അലോട്ട്മെന്റുകളിൽ ഉൾപ്പെടാത്തവരും അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനം എടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ളവർക്ക് ജൂലൈ 18, 19 തീയതികളിൽ എസ്.സി.എസ്.ടി വിഭാഗത്തിനുള്ള രണ്ടാം സ്പെഷ്യൽ അലോട്ട്മെന്റ് രജിസ്ട്രേഷനൊപ്പം പുതിയതായി ഓപ്ഷൻ നൽകുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യാം.

(പി.ആർ.ഒ/39/593/2024)

## പ്രാക്ടിക്കൽ

ബിസിഎ - ഓഫ് കാമ്പസ് (സപ്ലിമെന്ററി, മെഴ്സി ചാൻസ് ഏപ്രിൽ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 18 മുതൽ ഏറ്റുമാനൂരപ്പൻ കോളജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

.........................................

നാലാം സെമസ്റ്റർ ബിവോക്ക് പ്രിന്റിംഗ് ടെക്നോളജി (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 15,17 തിയതികളിൽ നടത്തും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................................

നാലാം സെമസ്റ്റർ എംഎസ്സി ജിയോളജി സിഎസ്എസ് (2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ റീ അപ്പീയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30ന് നടത്തും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/594/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തും.

സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ എം ഹിസ്റ്ററി(ബിഎസ്-ഒന്ന്), ആന്ത്രപ്പോളജി(എസ്.സി-രണ്ട്, എസ്.ടി -ഒന്ന്, എൽ.സി- ഒന്ന്, മുസ്ലിം-ഒന്ന്, ഇ.ഡബ്ല്യു.എസ് -രണ്ട്) പ്രോഗ്രാമുകളിലെ ഒഴിവുകളിലേക്ക് ജൂലൈ 15ന് സ്പോട്ട് അഡ്മിഷൻ നടത്തും. താത്പര്യമുള്ളവർ രാവിലെ 10ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ-9995203470

.........................................

സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ എംഎ പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ് പ്രോഗ്രാമിൽ പട്ടിക ജാതി വിഭാഗത്തിന് സംവരണം ചെയ്ത ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായവർ ജൂലൈ 17ന് രാവിലെ 11ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം.

.........................................

സ്കൂൾ ഓഫ് മനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ എംബിഎ പ്രോഗ്രാമിൽ എസ്സി, എസ്റ്റി വിഭാഗങ്ങളിൽ സീറ്റ് ഒഴിവുണ്ട്. പ്രസ്തുത വിഭാഗങ്ങളിൽ പെട്ട അർഹരായവർ ജൂലൈ 18ന് രാവിലെ 10ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ-0481-2733367.

.........................................
സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എംഎസ്സി ഫിസിക്സ് പ്രോഗ്രാമിൽ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽ രണ്ട് സീറ്റുകൾ ഒഴിവുണ്ട്. അർഹരായവർ ജൂലൈ 15ന് ഉച്ചക്ക് രണ്ടിന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ-0481- 2731043/9895507247

(പി.ആർ.ഒ/39/595/2024)

## വൈവ വോസി

നാലാം സെമസ്റ്റർ എംഎസ്സി ഡറ്റാ അനലറ്റിക്സ് (സിഎസ്എസ്) (2022 അഡ്മിഷൻ റെഗുലർ, 2019, 2021 അഡ്മിഷനുകൾ റീ അപ്പീയറൻസ് ഏപ്രിൽ 2024) പ പരീക്ഷയുടെ പ്രോജക്റ്റ് ഇവല്യൂഷൻ, വൈവ വോസി പരീക്ഷകൾ ജൂലൈ 23, 24 തീയതികളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................................
അഞ്ചാം സെമസ്റ്റർ എംഎസ്സി കമ്പ്യൂട്ടർ സയൻസ്- ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റ സയൻസ് (2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്,സപ്ലിമെന്ററി ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 23 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

.........................................
നാലാം സെമസ്റ്റർ എംഎസ്സി കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ അനലിറ്റിക്സ് 2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ റീ അപ്പീയറൻസ് സിഎസ്എസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രോജക്റ്റ്, വൈവ പരീക്ഷകൾ ജൂലൈ 15ന് നടത്തും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/596/2024)

## പരീക്ഷക്ക് ആപേക്ഷിക്കാം

നാലാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എ, എംഎസ്സി പ്രോഗ്രാമുകളുടെ പരീക്ഷകൾ ഓഗസ്റ്റ് അഞ്ചിന് അരംഭിക്കും. ജൂലൈ 20 മുതൽ 22 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. 24 വരെ ഫൈനോടു കൂടിയും 25ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈ റ്റിൽ.

(പി.ആർ.ഒ/39/597/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**